<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

<u>(സാന്നിദ്ധ്യം : V.N. ജിതേന്ദ്രൻ)</u>

തിരുവനന്തപുരം

ഉത്തരവ് നം. ഇ8-17378/14

തീയതി: 12.09.2014.

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ചിൽഡ്രൻസ് ഹോം, എറണാകുളം - കെയർടേക്കർ - സ്ഥലംമാറ്റം - സംബന്ധിച്ച് :

പരാമർശം:1) എറണാകുളം അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ് 30/07/2014 ൽ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ട്.

2) 16.08.2014 ലെ D2 - 64837/14 - ാം നമ്പർ ഹൈക്കോടതി രജിസ്ട്രാറുടെ കത്ത്.

3) സാമൂഹ്യ നീതി വകുപ്പിലെ അഡീഷണൽ ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.

എറണാകുളം ഗവ. ചിൽഡ്രൻസ് ഹോമിലെ അന്തേവാസികളായ കുട്ടികൾ ബഹു. ഹൈക്കോടതി ജഡ്ജിക്ക് സമർപ്പിച്ച പരാതിയിൽ ടി സ്ഥാപനത്തിലെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ശ്രീമതി. വിനയ, സ്ഥിരം കെയർടേക്കർ ശ്രീമതി. ഷീജ എന്നിവർ അന്തേവാസികൾക്ക് നൽകുന്ന സാധന സാമഗ്രികളും പഠനോപകരണങ്ങളും യഥാവിധി അന്തേവാസികൾക്ക് നൽകുന്നില്ല എന്നുള്ള പരാതിയിൽ ബഹു. ഹൈക്കോടതി ജഡ്ജിയുടെ നിർദ്ദേശ പ്രകാരം എറണാകുളം അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ് അന്വേഷണം നടത്തി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം രണ്ട് പ്രകാരം കെയർടേക്കർ ശ്രീമതി. ഷീജ, ദിവസക്കൂലിയടിസ്ഥാനത്തിലുള്ള ശ്രീമതി. വിനയ എന്നിവരെ സ്ഥലംമാറ്റുന്നതിന് ശുപാർശ ചെയ്തിരിക്കുകയാണ്. കൂടാതെ പരാമർശം മൂന്നിലെ സാമൂഹ്യ നീതി വകുപ്പ് അഡീഷണൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിലും കെയർടേക്കർമാരെ സ്ഥലംമാറ്റുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ എറണാകുളം ചിൽഡ്രൻസ് ഹോമിൽ മൂന്നുവർഷം പൂർത്തീകരിച്ച എല്ലാ കെയർടേക്കർമാരെയും സ്ഥലംമാറ്റുന്നതിനും ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി. വിനയയെ മേലിൽ ജോലിയ്ക്ക് നിയോഗിക്കുവാൻ പാടില്ലെന്ന് സ്ഥാപന മേധാവിക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു. ആയതിൻ പ്രകാരം ചുവടെ ചേർക്കുന്ന കെയർടേക്കർമാരെ അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിലേയ്ക്ക് ഉടൻ പ്രാബല്യത്തിൽ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | കെയർടേക്കറുടെ പേര് | ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | സ്ഥലംമാറ്റം അനുവദിച്ച കാര്യാലയം |
|---|---|---|---|
| 1. | ശ്രീമതി. ഷീജ. എം | ചിൽഡ്രൻസ് ഹോം എറണാകുളം | ചിൽഡ്രൻസ് ഹോം കൊല്ലം |
| 2. | ശ്രീമതി. ജമീല. എം | ചിൽഡ്രൻസ് ഹോം എറണാകുളം | ചിൽഡ്രൻസ് ഹോം കോട്ടയം. |
| 3. | ശ്രീമതി. മഞ്ജു. ആർ.നായർ | ചിൽഡ്രൻസ് ഹോം എറണാകുളം | ചിൽഡ്രൻസ് ഹോം കോട്ടയം |
| 4. | ശ്രീമതി. ഗീത.പി | ചിൽഡ്രൻസ് ഹോം കൊല്ലം | ചിൽഡ്രൻസ് ഹോം തൃശ്ശൂർ. |
| 5. | ശ്രീമതി. ടിൻസി. എം.റ്റി | ചിൽഡ്രൻസ് ഹോം തൃശ്ശൂർ | ചിൽഡ്രൻസ് ഹോം എറണാകുളം |
| 6. | ശ്രീമതി. സൗമ്യ. ആർ | ചിൽഡ്രൻസ് ഹോം കൊല്ലം | ചിൽഡ്രൻസ് ഹോം എറണാകുളം |

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ആയത് സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഒപ്പ്
സാമൂഹ്യ നീതി ഡയറക്ടർ

ബന്ധപ്പെട്ടവർക്ക്.

<u>പകർപ്പ്:</u>

1) സൂപ്രണ്ട്,
ചിൽഡ്രൻസ് ഹോം,
എറണാകുളം,തൃശ്ശൂർ,കൊല്ലം, കോട്ടയം.
2) ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
എറണാകുളം,തൃശ്ശൂർ,കൊല്ലം.
3) രജിസ്ട്രാർ (സബോർഡിനേറ്റ് ജുഡീഷ്യറി)
കേരള ഹൈക്കോടതി , എറണാകുളം (ആമുഖ കത്ത് സഹിതം)
4) സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

PS/